ഖാദി-ഗ്രാമവ്യവസായ മേഖല

വർഷം	തുക
2011-12	24.26 കോടി
2012-13	32.81 കോടി
2013-14	42.65 കോടി
2014-15	25.416 കോടി
2015-16	26.976 കോടി

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭം

190 (575) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ 2013-14, 2014-15 വർഷത്തെ ലാഭ-നഷ്ടക്കണക്ക് വ്യക്തമാക്കുമോ;

(ബി) ലാഭം കുറഞ്ഞിട്ടുണ്ടെങ്കിൽ, അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2013-14, 2014-15 കാലയളവിലെ ലാഭ-നഷ്ടകണക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, വൈദ്യുതി ചാർജ്ജിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ലൈറ്റിംഗ് ഡിവിഷൻ വികസന പദ്ധതികൾ

191 (576) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly